ഉത്തരം

(എ) 2014-15 വർഷം വകുപ്പ് ശേഖരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്തുള്ള ഭവനരഹിതരുടെയും ഭൂരഹിതരുടെയും വിവരങ്ങൾ അനുബന്ധം ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.*

(ബി) ഭവനരഹിതരായ 30106 പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം നടത്തുന്നതിനുള്ള നടപടി ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു.* 2014-15 വർഷത്തെ കണക്കുപ്രകാരം 202 പേർക്കും ഇതിനുശേഷം പുതുതായി ആവിർഭവിച്ച ഭവന രഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് നൽകേണ്ടതായിട്ടുണ്ട്. "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതിയിലൂടെ സംസ്ഥാനത്തെ ഭൂരഹിതരായ 490 കുടുംബങ്ങൾക്ക് ഇതുവരെ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഇനിയും 10027 കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്താനുണ്ട്.

(സി) ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെയും, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരുടെയും, എസ് റ്റി. പ്രൊമോട്ടർമാരുടെയും സേവനം ഉപയോഗിച്ച് പട്ടകവർഗ്ഗക്കാർ വാസയോഗ്യമായ വീടുകളിലാണോ താമസിച്ചുവരുന്നതെന്ന് ഉറപ്പുവരുത്തുന്നു.

(ഡി) ബന്ധപ്പെട്ട ഓഫീസുകളിലെയോ, തദ്ദേശസ്വയംഭരണ വകുപ്പിലെയോ അസിസ്റ്റന്റ് എഞ്ചിനീയർ നൽകുന്ന വാല്യുവേഷൻ കം കംപ്ലീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചു വരുന്നത് എന്നതിനാൽ തുക ഇതേ ആവശ്യത്തിനുവേണ്ടിയാണ് വിനിയോഗിച്ചതെന്ന് ഉറപ്പുവരുത്താറുണ്ട്.

കുന്ദമംഗലം പ്രീ-മെട്രിക് ഹോസ്റ്റൽ പ്രവൃത്തി

297 (667) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുന്ദമംഗലം പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തി ഏതു ഘട്ടം വരെയെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിന്റെ സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഹോസ്റ്റലിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിക്കാവുന്നതാണ്.

ആദിവാസികളിൽ വന്ധ്യംകരണം

298 (669) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ വന്ധ്യംകരണം നടത്തുന്നതിന് മുൻപ് മതിയായ ബോധവത്കരണം നൽകാറുണ്ടോ ;

(ബി) വന്ധ്യംകരണത്തിന് വിധേയരാവുന്നവർക്ക് ലഭിക്കുന്ന സർക്കാർ സഹായത്തിൽ ആകൃഷ്ടരായി വംശനാശ ഭീഷണി നേരിടുന്ന ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർ പോലും ഇതിന് സമ്മതം നൽകുന്ന സാഹചര്യം നിലവിലുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നതിന് ആദിവാസി സമൂഹത്തിൽപ്പെട്ടവർക്ക് പ്രത്യേകിച്ച് മതിയായ ബോധവത്കരണം നൽകുന്നതിനും ഇവരുടെ അജ്ഞത മാറ്റുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ഡി) കുലമറ്റുപോകുമെന്ന ഭീതിയില്ലുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ വന്ധ്യംകരണം സംബന്ധിച്ച് മതിയായ പഠനങ്ങൾ നടത്തുമോ?

ഉത്തരം

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ വന്ധ്യംകരണം നടത്തുന്നില്ല. ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് നിർബന്ധിത വന്ധ്യംകരണം നടത്തിവരുന്നില്ല.

(ബി) ഇത്തരം സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ആദിവാസി സമൂഹത്തിൽപ്പെട്ടവർക്ക് ആരോഗ്യ വകുപ്പ് മുഖേന നൽകിവരുന്ന ബോധവൽക്കരണ നടപടികൾ കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly